DESPATCHED
On. 2./12/21

25/11/2021
S. 26/11

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **CP. No. 970(5)/2019/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.17759/SIC-G7/2019**
ഉത്തരവ് തീയതി: 25.11.2021

**സന്നിഹിത**
**ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. എം. കെ. അഷറഫ്,**
**വെള്ളെക്കാട്ട് ഹൗസ്**
**പുല്ലിപ്പറമ്പ് പി.ഒ,**
**ചേലേമ്പ്ര വഴി, മലപ്പുറം – 673 634.** } **പരാതി ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ചേലേമ്പ്ര വില്ലേജ് ഓഫീസ്,**
**ചേലേമ്പ്ര പി.ഒ,**
**മലപ്പുറം – 673 634** } **എതിർകക്ഷി**

**ഉത്തരവ്**

1. പരാതി ഹർജിക്കാരൻ 30.08.2019 തീയതി എതിർകക്ഷിയോട് ആവശ്യപ്പെട്ടത്, ചേലേമ്പ്ര വില്ലേജിൽ 16-ാം വാർഡിൽ കെ. പി. സൈതാലിയുടെ മകൻ ഷാഫി ക്ക് സ്ഥലം രജിസ്റ്റർ ചെയത് കൊടുത്തത് തിരിച്ച് കിട്ടുന്നതിനായി തിരൂർ ആർ.ഡി. ഒയ്ക്ക് നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തിയ ചേലേമ്പ്ര വില്ലേജ് ഓഫീസർ ആർ.ഡി.ഒയ്ക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതിൽ കാലതാമസം ഉണ്ടായി എന്നും സമയപരിധിക്കുള്ളിൽ മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒ ക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് 04.11.2019 ൽ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചത്.
3. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷിയുടെ റിപ്പോർട്ടും മൊഴിയും പരിശോധിച്ചതിൽ, 30.08.2019 തീയതി സമർപ്പിച്ച വിവരാവകാശ അപേ

ക്ഷയ്ക്ക് 28.09.2019 ന് മറുപടി അയച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തി എന്നാണ്. എന്നാൽ സമയബന്ധിതമായി അയച്ചു നൽകി എന്ന് അറിയിച്ചു എങ്കിലും അയച്ചു നൽകിയതിന്റെ തെളിവുകൾ ഒന്നും തന്നെ എതിർകക്ഷി ഹാജരാക്കിയിട്ടില്ല അതു കൊണ്ട് തന്നെ എതിർക്ഷിയുടെ മൊഴി കമ്മീഷൻ വിശ്വസനീയമായി കാണുന്നില്ല. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിത മായി മറുപടി നൽകുന്നതിൽ എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്ന് പ്രഥമദൃഷ്ട്യാ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. . ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനി ക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെ ങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടി ല്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാ നുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ട തുമാണ്.

4. പരാതിഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ പരാതിക്കാരന് അയച്ചു നൽകുവാനും പ്രസ്തുത വിവരം യഥാ സമയം കമ്മീഷനെ അറിയിക്കാനും എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഈ പരാതിഹർജി **ഇന്നേ ദിവസം 2021 നവംബർ മാസം 25-ാം തീയതി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി.ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയപകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്